

## Poly Payyappilly CMI, Coimbatore

### തൊട്ടനുഭവിച്ചതും കേട്ടറിഞ്ഞതും



ശരവണംപട്ടിയിലെ നവസന്ന്യാസ ഭവനത്തിൽ 1984–ൽ ആദ്യവ്രതാർപ്പണത്തിന് ഒരുക്കമായുള്ള ധ്യാന ത്തിനു നേതൃത്വം നല്കിയത് ബ. പോൾ പൊട്ടയ്ക്കലച്ചനാണ്. ഒരു പ്രഭാഷണത്തിൽ സാന്ദർഭികമായി അദ്ദേഹം ബ.വിനീതച്ചനെക്കുറിച്ച് പരാമർശിക്കാനിടയായി. “വിനീതച്ചനോട് ഏതു പ്രശ്നം പറഞ്ഞാലും മറുപടിയുണ്ട്. പരിഹാരം നിർദ്ദേശിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്.” ആദ്ധ്യാത്മികമാർഗ്ഗനിർദ്ദേശവു മായി ബന്ധപ്പെടുത്തിയാണ് വിനീതച്ചനെക്കുറിച്ച് ഈ അനുഭവം പൊട്ടയ്ക്കലച്ചൻ പങ്കുവച്ചത്.

ആഴ്ചകൾക്കുശേഷം ധർമ്മാരാമിൽ ഞാൻ തത്വശാസ്ത്ര വിദ്യാർത്ഥിയായി. പ്രവിശ്യയിലെ ശെമ്മാശന്മാരുടെ ട്യൂട്ടറായ വിനീതച്ചനെ കൂടെകൂടെ സന്ദർശിക്കുന്നത് അവിടെ ജീവിതചര്യയുടെ ഭാഗമായിരുന്നു. അനുഭവത്തിലൂടെ മനസ്സിലായി, പൊട്ടയ്ക്കലച്ചൻെറ സാക്ഷ്യം സത്യമാണ്. പ്രതിസന്ധികളിൽ വിനീതച്ചൻെറ പക്കൽ മനസ്സുതുറന്നാൽ തീർച്ചയായും പരിഹാരമുണ്ട്. അദ്ദേഹം ആശ്രയിക്കാവുന്ന, ഉത്തമനായ ഒരു വഴികാട്ടിയാണ്.

ഒരിക്കൽ ചില മനഃപ്രയാസങ്ങൾ തുറന്നുപറയണമെന്നു തോന്നി. അച്ചൻെറ മുമ്പിൽ മനസ്സ് ചൊരിയു ന്നതിനായി ഇരുന്നു. എന്താണ് പ്രശ്നമെന്ന് അദ്ദേഹം എന്നോട് ചോദിച്ചില്ല. പകരം പല കാര്യങ്ങൾ പങ്കുവച്ചു. ആയിടെ ചെയ്ത യാത്രകൾ, കണ്ടുമുട്ടിയ വ്യക്തികൾ, നേരിട്ട ചില അനുഭവങ്ങൾ അങ്ങനെ പലതും. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അച്ചൻ ചോദിച്ചു, “എന്തിനാണ് വന്നത്? എന്തോ പറയാനു ണ്ടെന്നു പറഞ്ഞല്ലോ?” എനിക്കൊന്നും പറയാനില്ലായിരുന്നു. അച്ചൻെറ വളരെ സരളവും സരസവുമായ സംസാരത്തിനിടയിൽ സങ്കടങ്ങളെല്ലാം മറന്നുപോയിരുന്നു.

“സന്തോഷം, ദുഃഖം – രണ്ടുതരം അനുഭവങ്ങളും ജീവിതത്തിന് ആവശ്യമുണ്ട്. സന്തോഷം മാത്രമാ യാൽ നാം വളരില്ല. ദുഃഖം മാത്രമായാലും അങ്ങനെതന്നെ. രണ്ടുതരം അനുഭവങ്ങളിലൂടെയും നാം കടന്നു പോകണം. എങ്കിലേ വളരു.” “സഭയിലും സമൂഹത്തിലും ചുമതലകൾ നിർവ്വഹിക്കുന്നതും നേട്ടങ്ങൾ ഉണ്ടാക്കുന്നതും അപാരബുദ്ധിയുള്ളവരും കഴിവുള്ളവരുമല്ല. നിഷ്ഠയോടെ ആത്മാർത്ഥമായി അദ്ധ്വാനിക്കുന്നവരാണ്.” ഇവ വിനീതച്ചൻെറ, സംസാരത്തിൽ കൂടെകൂടെ കടന്നുവരുന്ന ജീവിതബോദ്ധ്യങ്ങളിൽ ചിലതാണ്.

യോഗാർത്ഥി കാലഘട്ടത്തിൽ എഴുതിയ ഒരു ഗദ്യകവിത ഒരിക്കൽ വിനീതച്ചനെ കാണിച്ചു. “നന്നായിട്ടുണ്ട്. ഇനിയും എഴുതണം. ഒരു പുസ്തകമായി പ്രസിദ്ധീകരിക്കണം.” അദ്ദേഹം





വളരെയേറെ പ്രോത്സാഹനം തന്നു. പറഞ്ഞതുപോലെ തുടർന്നും എഴുതി. പുസ്തകത്തിന്റെ കൈയെഴുത്ത് പ്രതി അദ്ദേഹത്തെ ഏല്പിച്ചു. അച്ചൻ അതുമായി കോയമ്പത്തൂർ വന്ന് പ്രൊവിൻഷ്യളായ ബ. റാഫേൽ കണ്ണനായ്ക്കലച്ചനെ നേരിൽ കണ്ടു സംസാരിച്ചു. തൃശൂർ സെൻറ് ജോസഫ് ഐ.എസ്. പ്രസ് സന്ദർശിച്ച് പുസ്തകം അച്ചടിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. ആദ്യത്തെ സൃഷ്ടി അങ്ങനെ പുറത്തിറങ്ങി.

ഒരിക്കൽ അദ്ദേഹത്തിന്റെ മുറിയിൽ ഞാൻ സഹായിക്കാനായി ചെന്നു. മുറി വൃത്തിയാക്കി, സാധന ങ്ങളെല്ലാം ക്രമീകരിച്ചു. ഇടയിൽ ഒരു സ്യൂട്ട്കേസ് കൈയിലെടുത്ത് ഞാൻ ചോദിച്ചു,"ഇതിൽ എന്താ ണച്ചാ?" "അത് തുറന്നു നോക്കിക്കൊള്ളു. എന്റെ മുറിയിൽ ഒരു രഹസ്യവും ഇല്ല." അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. അച്ചൻ പറഞ്ഞതിൽ ഒരു പാഠമുണ്ടെന്ന് തോന്നി.

ഞാൻ ജോലി തുടർന്നു. മാതാവിന്റെ ഒരു ഐക്കൺ കൈയിൽ കിട്ടി. 'തത്വശാസ്ത്രം പഠിപ്പിക്കുന്ന അതിബുദ്ധിശാലിക്ക് എന്തിനാണ് മാതാവിന്റെ ഐക്കൺ? ചോദിക്കേണ്ട ആവശ്യമില്ല." ഞാൻ അത് അച്ചന് ആവശ്യമില്ലാത്ത സാധന ങ്ങളുടെ കൂട്ടത്തിൽ പെടുത്തി. അല്പസമയത്തിനുള്ളിൽ അതേ ഐക്കൺ അച്ചന്റെ കണ്ണിൽപതിഞ്ഞു. "ഓ, മദർ മേരി" എന്ന് ഉരുവിട്ടുകൊണ്ട് ഐക്കൺ കൈയിലെ ടുത്ത് അത് മുമ്പ് എവിടെ ഇരുന്നിരുന്നുവോ ആ സ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചു. പിന്നെപിന്നെ ബോദ്ധ്യമായി, വിനീതച്ചൻ ഒരു ദൈവമാതൃഭക്തനാണ്. "മാതൃഭാവങ്ങളിലൂടെ മകന്റെ തീർത്ഥയാത്ര" "Ufferings and Surprises of Mary" എന്നീ പുസ്തകങ്ങൾ അതിന്റെ ജീവനുള്ള തെളിവുകളാണ്.

ധർമ്മാരാമിൽ ദൈവശാസ്ത്രവിഭാഗം ശെമ്മാശന്മാരുടെ മാസ്റ്ററായി വിനീതച്ചൻ ജോലി ചെയ്തി ട്ടുണ്ട്. പ്രസ്തുത ബാച്ചിൽ ഒരു ശെമ്മാശന് ഒരു പ്രണയബന്ധമുണ്ടായിരുന്നു. കൂടെകൂടെ തടിച്ച കവറിൽ നീളമുള്ള പ്രേമലേഖനങ്ങൾ അദ്ദേഹത്തിനു തപാൽ മുഖേന വന്നുകൊണ്ടിരുന്നു. ശെമ്മാശന്മാരുടെ സമൂഹം മുഴുവൻ ഇക്കാര്യം അറിഞ്ഞിരുന്നു. അറിയാത്ത ഒരേ ഒരാൾ മാസ്റ്ററച്ചനായിരുന്നു. ഒരു ദിവസം ശെമ്മാശൻ സഭയിൽ നിന്നു വിടവാങ്ങി. അന്ന് വിനീതച്ചൻ ശെമ്മാശന്മാരുടെ സമൂഹത്തിൽ പറഞ്ഞു, "ഞാൻ നിങ്ങളെ വിശ്വസിച്ചു. നിങ്ങളിൽ ഒരാളുടെയും ഒരു എഴുത്തും തുറന്നുവായിക്കണമെന്ന് എനിക്കു തോന്നിയില്ല. ഇനിയും ഞാൻ അങ്ങനെത്തന്നെ ആയിരിക്കും." അച്ചൻ തന്റെ നിലപാട് വ്യക്തമാക്കി. അച്ചന്റെ ഈ നിലപാടിൽ നിന്ന് ഒരു പാഠം പഠിക്കാനുണ്ട്.

ഒരിക്കൾ അദ്ദേഹം ഒരു സന്ന്യസിനി സമൂഹത്തെ ധ്യാനിപ്പിക്കുന്നതിന് ഇടയായി. ധ്യാനം രണ്ടു ദിവസം പിന്നിട്ടു. സഹോദരിമാരുടെ പെരുമാറ്റത്തിൽ ധ്യാനഗുരു അതൃപ്തനായിരുന്നു. ധ്യാനത്തിന്റെ തായ മൗനമോ ചിട്ടകളോ പാലിക്കപ്പെട്ടിരുന്നില്ല. മൂന്നാം ദിവസം രാവിലെ അദ്ദേഹം പറഞ്ഞു,"രണ്ടു ദിവസങ്ങളായി ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നു. എന്തോ, പറയുന്ന കാര്യങ്ങൾ ആരുടെയും അകത്തേക്കു പ്രവേശിക്കുന്നതായി കാണുന്നില്ല. ഇന്ന് പ്രഭാഷണങ്ങളൊന്നും ഉദ്ദേശിക്കുന്നില്ല. ഇതുവരെ കേട്ട കാര്യങ്ങ ളെക്കുറിച്ച് പള്ളിയിലോ മുറിയിലോ ഇരുന്നു ധ്യാനിക്കുക." സമൂഹം പെട്ടെന്ന് നിശബ്ദമായി. അച്ചൻ മുറിയിലേക്കു പിൻവലിഞ്ഞു. ഉച്ചയായപ്പോൾ ഒരാൾ വന്ന് അച്ചന്റെ മുറിയിൽ മുട്ടി ഭക്ഷണത്തിനു സമയമായെന്ന് അറിയിച്ചു. "സിസ്റ്റർ എന്തിനാണ് എന്നെ വിളിച്ചത്. സാധാരണ



യായി സമയമാകുമ്പോൾ ഞാൻ ഊട്ടുമുറിയിലേക്കു വരുകയല്ലെ ചെയ്യുക. ഞാൻ അല്പം പിണങ്ങിയതുകൊണ്ട്, വാശിയിൽ ഭക്ഷണം കഴിക്കാതിരിക്കും എന്നാണോ കരുതിയത്? എത്ര ദിവസം ഭക്ഷണം കഴിക്കാതിരിക്കും? ധ്യാനം തീരാൻ ഇനിയും മൂന്നു ദിവസങ്ങളുണ്ട്. എത്ര പിണങ്ങിയാലും ഊട്ടുമുറിയിൽ ഞാൻ സമയത്തിനുതന്നെ യുണ്ടാകും." അച്ചൻ പറഞ്ഞു നിറുത്തി. ഇരുവരും ചിരിച്ചുകൊണ്ട് ഭക്ഷണമുറിയിലേക്കു നടന്നു. ഈ പ്രതികരണത്തിലും ഒരു പാഠമുണ്ട്.

വിനീതച്ചൻ ഭാരതദർശനത്തിന്റെയും ഭാരതക്രൈസ്തവ ആദ്ധ്യാത്മികതയുടെയും ഉപാസകനാണ്. സഭാശാസ്ത്രത്തെക്കുറിച്ചും ആരാധനക്രമത്തെക്കുറിച്ചും അദ്ദേഹത്തിനു തനതായ കാഴ്ച്ചപ്പാടുകളുണ്ട്. ഇപ്രകാരമുള്ള വ്യക്തികൾ മാതൃസഭയോട് സ്നേഹമില്ലാത്തവരും സഭാപാരമ്പര്യങ്ങളെ തച്ചുടയ്ക്കുന്നവരുമായി മുദ്രകുത്തപ്പെടാറുണ്ട്. എന്നാൽ വിനീതച്ചൻ പൗരസ്ത്യചിന്താരീതിയെയും ദൈവശാസ്ത്രധാരകളെയും ഏറെ സ്നേഹിക്കുകയും താൻ അംഗമായിരിക്കുന്ന സീറോമലബാർ സഭയുടെ സവിശേഷതകളിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ഒരു പൗരസ്ത്യസഭയെന്ന നിലയിൽ സീറോമലബാർ സഭയുടെ അവകാശങ്ങൾക്കുവേണ്ടി സംസാരിക്കുന്നതിനു ലഭ്യമായ അവസരങ്ങൾ അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല. ഇക്കാര്യത്തിൽ താൻ വളരെയേറെ സൗഹൃദം സ്ഥാപിച്ചിരുന്ന ലത്തീൻ സഭാംഗങ്ങളുടെ മുഖം നോക്കാതെതന്നെ അച്ചൻ സംസാരിച്ചിരുന്നു.

1982 ഒക്റ്റോബർ 22 മുതൽ 24 വരെ മുബൈയിൽ ഇന്ത്യൻ തിയളോജിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ നടന്നു. "Reconciliation in India" എന്നതായിരുന്നു സെമിനാറിന്റെ വിഷയം. പ്രസ്തുത സെമിനാറിൽ വിനീതച്ചൻ "The Struggle for Justice in the Church and the Call for Reconciliation" എന്ന ശീർഷകത്തിൽ ഒരു പ്രബന്ധം അവതരിപ്പിച്ചു. പ്രബന്ധത്തിന്റെ ഉള്ളടക്കവും അതിന്റെ ആത്മാർത്ഥതയും വിനീതച്ചന്റെ സഭാസ്നേഹത്തിനും നീതിബോധത്തിനും ഉദാഹരണമാണ്.

വിദ്യാവനം ആശ്രമം ആരംഭിക്കുന്നതിനുമുമ്പും തുടർന്നും ആശ്രമത്തിലെ അംഗമാകാൻ പല തവണ വിനീതച്ചൻ എന്നെ പ്രേരിപ്പിച്ചിരുന്നു. ആശ്രമത്തിന് എന്നെ ഉപകരിക്കുകയില്ല എന്നു പറഞ്ഞ് ഞാനൊഴിഞ്ഞു. അദ്ദേഹത്തിന്റെ നിറവേറാതെ പോയ സ്വപ്നമാണ് A Dictionary of Indian Christian Theology and Spirituality എന്ന പുസ്തകം. അതിൽ എന്നെയും അദ്ദേഹം പങ്കുകാരനാക്കി. നൂറു തമിഴ് വാക്കുകളെക്കുറിച്ച് എഴുതണമെന്ന് ആവശ്യപ്പെട്ടു. ആ ജോലി ഇനിയും പൂർത്തിയായില്ല.

